REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 07-08-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ഒമ്പതാം നാൾ കാണാതായവർക്ക് വേണ്ടി തെരച്ചിൽ പുരോഗമിക്കുന്നു.
- പുനരധിവാസം പൂർത്തിയാകുന്നത് വരെ ഒഴിഞ്ഞു കിടക്കുന്ന PWD ക്വാർട്ടേഴ്സുകൾ താമസത്തിന് വിട്ടുകൊടുക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ്.
- ഇന്ന് പത്താമത് ദേശീയ കൈത്തറി ദിനം. പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു.
- പാരീസ് ഒളിമ്പിക്സിൽ വിനേഷ് ഫോഗട്ടിനെ ഭാര പരിശോധനയിൽ അയോഗ്യയാക്കിയതായി റിപ്പോർട്ട്.
- ഇന്ത്യ-ശ്രീലങ്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെ മത്സരം ഉച്ചയ്ക്ക് രണ്ടരയ്ക്ക് കൊളംബോയിൽ.

## വാർത്തകൾ വിശദമായി

**വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ഒമ്പതാം നാൾ കാണാതായവർക്ക് വേണ്ടി തെരച്ചിൽ പുരോഗമിക്കുന്നു. ദുരന്തത്തിൽ 224 പേർ മരിച്ചെന്നാണ് ഇതുവരെ ഔദ്യോഗികമായി സ്ഥിരീകരിച്ചത്. വയനാട്ടിൽ നിന്നും 148 മൃതദേഹങ്ങളും നിലമ്പൂരിൽ നിന്നും 76 മൃതദേഹങ്ങളുമാണ് ലഭിച്ചത്. 189 ശരീരഭാഗങ്ങളും ലഭിച്ചു. 178 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടു നൽകി.**

✪✪✪

വയനാട് ദുരന്തത്തിൽ കാണാതായ 138 പേരുടെ വിവരങ്ങൾ ഗവൺമെന്റ് പുറത്തുവിട്ടു. 71 പേരെ ചിത്രങ്ങൾ സഹിതം വിവരങ്ങളാണ് പ്രസിദ്ധീകരിച്ചത്.

✪✪✪

പുനരധിവാസം പൂർത്തിയാകുന്നത് വരെ പൊതുമരാമത്ത് വകുപ്പിന്റെ ഒഴിഞ്ഞുകിടക്കുന്ന ക്വാർട്ടേഴ്സു കൾ താമസത്തിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചതായി മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ 27 ക്വാർട്ടേഴ്സുകൾ ഇതിനുവേണ്ടി ഉപയോഗിക്കും. അറ്റകുറ്റപ്പണികൾ നടത്തിയും ചില ക്വാർട്ടേഴ്സുകൾ ഉപയോഗയോഗ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ദുരന്തബാധിതർക്ക് നിപ്മറിൽ ടെലി കൗൺസിലിംഗ് സംവിധാനം ആരംഭിച്ചതായി മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. പ്രകൃതിദുരന്ത ബാധിതർക്ക് മാനസികാരോഗ്യ പിന്തുണ നൽകുന്നതിനാണ് സംവിധാനമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ദുരന്തത്തിൽ മാനസികാരോഗ്യം ഉറപ്പാക്കാനായി മൊബൈൽ മെന്റൽ ഹെൽത്ത് യൂണിറ്റ് സജ്ജമാക്കിയതായി മന്ത്രി വീണാ ജോർജ് പറഞ്ഞു. മാനസികാരോഗ്യ പിന്തുണയ്ക്കായി ഗ്രൂപ്പ് കൗൺസിലിംഗും വ്യക്തിഗത കൗൺസിലിംഗും നൽകുന്നുണ്ടെന്നും, മാനസികാരോഗ്യം ഉറപ്പാക്കാനായി മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സേവനം കൂടി ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

വയനാട് ദുരന്തത്തിൽപ്പെട്ടവർക്ക് റേഷൻകാർഡുകൾ ഇന്ന് വിതരണം ചെയ്യും. മേപ്പാടി സെന്റ് ജോസഫ് ഗേൾസ് സ്കൂളിൽ മന്ത്രിസഭാ ഉപസമിതി അംഗങ്ങളാണ് ഉച്ചകഴിഞ്ഞ് കാർഡ് വിതരണം ചെയ്യുന്നത്.

✪✪✪

വയനാട് പുനരധിവാസത്തിന് പ്രതിപക്ഷ നേതാവ് VD സതീശൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു ലക്ഷം രൂപ സംഭവന ചെയ്തു. UDF MLA മാർ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാനെടുത്ത

തീരുമാനത്തിന്റെ ഭാഗമായാണ് പ്രതിപക്ഷ നേതാവ് സംഭാവന നൽകിയത്.

✪✪✪

പ്രളയ ദുരന്തത്തിൽപ്പെട്ട് സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും നഷ്ടമായവർക്ക് ഫീസും നടപടിക്രമങ്ങളും ഒഴിവാക്കി റവന്യൂ അധികൃതരുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഡ്യൂപ്ലിക്കേറ്റ് നൽകാൻ കാലിക്കറ്റ് സർവകലാശാലാ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. വയനാട്ടിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിലാണ് നടപടി.

✪✪✪

വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവൻ പൊലിഞ്ഞ കുട്ടികൾക്ക് ആദരാഞ്ജലി അർപ്പിക്കുന്നതിനും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കുട്ടികൾക്ക് സ്നേഹവും പിന്തുണയും അറിയിക്കുന്നതിനും ബാലാവകാശ കമ്മിഷന്റെ ആഭിമുഖ്യത്തിൽ 1000 മെഴുകുതിരി തെളിയിച്ചു. തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ രാവിലെ ബാലാവകാശ കമ്മിഷൻ ചെയർപെഴ്സൺ KV മനോജ് കുമാർ ദീപം തെളിച്ച് കുട്ടികൾക്ക് പകർന്ന് നൽകി.

✪✪✪

വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവൻ പൊലിഞ്ഞ കുട്ടികൾക്ക് ആദരാഞ്ജലി അർപ്പിക്കുന്നതിനും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കുട്ടികൾക്ക് സ്നേഹവും പിന്തുണയും അറിയിക്കുന്നതിനും ബാലാവകാശ കമ്മിഷന്റെ ആഭിമുഖ്യത്തിൽ 1000 മെഴുകുതിരി തെളിയിച്ചു. തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ രാവിലെ ബാലാവകാശ കമ്മിഷൻ ചെയർപെഴ്സൺ KV മനോജ് കുമാർ ദീപം തെളിച്ച് കുട്ടികൾക്ക് പകർന്ന് നൽകി.

✪✪✪

ദേശീയ കൈത്തറി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് ആശംസകൾ നേർന്നു. രാജ്യത്തുടനീളം കൈത്തറിയുടെ സമ്പന്നമായ പൈതൃകത്തിലും ഊർജസ്വലമായ പാരമ്പര്യത്തിലും അഭിമാനിക്കുന്നതായി പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. രാജ്യത്തെ കരകൗശലത്തൊഴിലാളികളുടെ പ്രയത്നങ്ങളെ രാജ്യം വിലമതിക്കുകയും പ്രാദേശിക ഉത്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുയെന്ന പ്രതിബദ്ധത ആവർത്തിക്കുന്നതായും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

പാരീസ് ഒളിമ്പിക്സ് ഗുസ്തിയിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായിരുന്ന വിനേഷ് ഫോഗട്ടിനെ ഭാര പരിശോധനയിൽ അയോഗ്യയാക്കിയതായി റിപ്പോർട്ട്. 50 കിലോ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ ഫൈനലിലെത്തിയ ഫോഗട്ടിന് ഇന്ന് രാവിലെ നടത്തിയ ഭാര പരിശോധനയിൽ 100 ഗ്രാമോളം ഭാരക്കൂടുതൽ കണ്ടെത്തി യതിനെ തുടർന്നാണ് അയോഗ്യത കൽപ്പിച്ചതെന്ന് ഇയാൻസ് വാർത്താഏജൻസി റിപ്പോർട്ട് ചെയ്തു.

ടേബിൾ ടെന്നിസിൽ സെമിഫൈനൽ പ്രതീക്ഷയിൽ ഇന്ത്യയുടെ മണിക ബത്ര, ശ്രീജ അകുല, അർച്ചന കാമത്ത് എന്നിവർ ഇന്ന് ജർമനിയെ നേരിടും.

അത്-ലറ്റിക്സിൽ മാരത്തൺ റേസ് വാക്ക് റിലേ മിക്സഡ് വിഭാഗത്തിൽ സൂരജ് പൻവാറും പ്രിയങ്ക ചൗധരിയും ഇന്ന് ട്രാക്കിലിറങ്ങും. ഹർഡിൽസിൽ ജ്യോതി യർരാജി, ഹൈ ജമ്പിൽ സർവേഷ് അനിൽ കുഷാരെ ട്രിപ്പിൾ ജമ്പിൽ അബ്ദുള്ള നരങ്ങോലിന്റേവിട, പ്രവീൺ ചിത്രവേൽ എന്നിവരും ഇന്ന് മത്സരിക്കും.

വനിതകളുടെ വ്യക്തിഗത സ്ട്രോക്ക് പ്ലേയുടെ ഒന്നാം റൗണ്ടിൽ അദിതി അശോകും ദിക്ഷയും ഇന്ന് ഇറങ്ങും. വനിതകളുടെ 49 കിലോഗ്രാം ഭാരോദ്വഹനത്തിൽ ടോക്കിയോ വെങ്കല മെഡൽ ജേതാവ് മീരാഭായ് ചാനു മെഡൽ പ്രതീക്ഷയുമായി ഇന്ന് മത്സരിക്കും.

മൂന്ന് വെങ്കല മെഡലുകളുമായി അറുപത്തിമൂന്നാം സ്ഥാനത്താണ് ഇന്ത്യ. 24 സ്വർണ്ണമുൾപ്പെടെ 86 മെഡലുകളുമായി അമേരിക്കയാണ് ഒന്നാമത്.

✪✪✪

പാരീസ് ഒളിമ്പിക്സിൽ ചരിത്ര നേട്ടം സ്വന്തമാക്കി തിരിച്ചെത്തിയ ഷൂട്ടിങ്ങ് താരം മനു ഭാക്കറിന് ആരാധകരും യുവജനകാര്യ, കായിക മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ സ്വീകരണം നൽകി. രണ്ട് വെങ്കല മെഡലുകളാണ് മനു സ്വന്തമാക്കിയത്. ഒളിമ്പിക്സ് സമാപന ചടങ്ങിൽ പതാക ഏന്തുന്നതിനായി മനു ഭാക്കർ തിരിച്ചു പോകും.

✪✪✪

ഇന്ത്യ-ശ്രീലങ്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെ യും അവസാനത്തെയും മത്സരം ഇന്ന്. കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചക്ക് രണ്ടരയ്ക്ക് മത്സരം തുടങ്ങും.

രണ്ടാം ഏകദിനത്തിൽ 32 റൺസിന് ജയിച്ച ശ്രീലങ്ക പരമ്പരയിൽ 1-0 ന് മുന്നിലാണ്. പരമ്പരയിലെ ആദ്യ മത്സരം സമനിലയിലായിരുന്നു.

✪✪✪

ഇന്ന് ദേശീയ ജാവലിൻ ത്രോ ദിനം. ഇതിന്റെ ഭാഗമായി സംസ്ഥാന അത്‌ലറ്റിക് അസോസിയേഷൻ കാലിക്കറ്റ് സർവകലാശാലാ സ്റ്റേഡിയത്തിൽ ഇന്ന് സംസ്ഥാനതല ജാവലിൻ ത്രോ മത്സരം സംഘടിപ്പിക്കും. വിവിധ വിഭാഗങ്ങളിലായി 100 ഓളം കായിക താരങ്ങൾ പങ്കെടുക്കും.

✪✪✪

നിറപുത്തരി പൂജയ്ക്കായി ശബരിമല ക്ഷേത്ര നട ഈ മാസം 11 ന് വൈകിട്ട് അഞ്ചിനു തുറക്കും. 12 ന് നിറപുത്തരി പൂജകൾ നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി S ശ്രീധർ.

....(വോയ്സ്)...........

✪✪✪

മുല്ലപ്പെരിയാർ ഡാം ഡീ-കമ്മീഷൻ ചെയ്യണമെന്നാവശ്യപ്പെട്ട് പാർലമെന്റിൽ അടിയന്തര പ്രമേയത്തിന് ഡീൻ കുര്യാക്കോസ് നോട്ടീസ് നൽകി. മുല്ലപ്പെരിയാറിലേത് ജലബോംബാണെന്നും പുതിയ ഡാം വേണമെന്നും അദ്ദേഹം ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

നർകോട്ടിക്സ് കൺട്രോൾ ബ്യൂറോ കൊച്ചി മേഖല യൂണിറ്റ് 2022 ഒക്ടോബറിലും 2023 മെയിലുമായി പിടികൂടിയ രണ്ടര ടണ്ണിലേറെ മെഥാം ഫിറ്റമിനും, 200 കിലോയോളം ഹെറോയിനും ഇന്നലെ നശിപ്പിച്ചു. രണ്ട് കേസിലും ഇറാനിൽ നിന്ന് കടത്തി കൊണ്ടുവന്ന മയക്കുമരുന്നാണ് ഉണ്ടായിരുന്നത്. എറണാകുളം അമ്പലമേട്ടിൽ ഇൻസിനറേഷൻ വഴിയാണ് മയക്കുമരുന്ന് കത്തിച്ചുകളഞ്ഞത്.

✪✪✪

ഇടുക്കി പൂപ്പാറയിൽ  പത്ത് കിലോ കഞ്ചാവുമായി  രണ്ട്  പേരെ പിടികൂടി.  രാജാക്കാട് സ്വദേശികളാണ് കഞ്ചാവ് കടത്താൻ ശ്രമിച്ചത്. ഒരാൾ ഓടിരക്ഷപ്പെട്ടു.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 640 രൂപ കുറഞ്ഞ് 51,120 രൂപയാണ് ഇന്നത്തെ വില. 6,390 രൂപയാണ് ഗ്രാമിന്.

✪✪✪

തുമ്പയിൽ തിരയടിച്ച് വള്ളം മറിഞ്ഞ് മത്സ്യതൊഴിലാളിയെ കാണാതായി.  വള്ളത്തിൽ  ഉണ്ടായിരുന്ന അഞ്ച് പേരിൽ സെബാസ്റ്റ്യൻ എന്നയാളൊഴികെ  നാലു പേർ നീന്തി രക്ഷപെട്ടു. സെബാസ്റ്റ്യനായി തെരച്ചിൽ തുടരുകയാണ്.

✪✪✪

മുതലപ്പൊഴിയിൽ വീണ്ടും വള്ളം മറിഞ്ഞു. ഒരു മത്സ്യ തൊഴിലാളിക്ക് പരിക്കേറ്റു. താജുദീനാണ് പരിക്കേറ്റത്. പരിക്കുപറ്റിയ താജുദീനെ ചിറയിൻകീഴ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

കേരള തീരത്ത് നാളെ  രാത്രി 8.30 വരെ  ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം  അറിയിച്ചു.  ലക്ഷദ്വീപിലെ ആന്ത്രോത്ത്, കവരത്തി, മിനിക്കോയ്  തീരങ്ങളിലും കള്ളക്കടൽ പ്രതിഭാസത്തിനു സാധ്യതയുണ്ട്. ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേകം ജാഗ്രത പാലിയ്ക്കണമെന്നും  മുന്നറിയിപ്പു നൽകി.

✪✪✪

സംസ്ഥാന റവന്യൂ വകുപ്പിന്റെ  സർവ്വേ പരീക്ഷാ പേപ്പറുകൾ  പുനർ മൂല്യ നിർണ്ണയം നടത്താൻ ഗവൺമെന്റ് അനുമതി നൽകി. 2023 ജൂലൈ 14, 15 തീയതികളിൽ നടത്തിയ ഹയർ സർവ്വേ പരീക്ഷയുടെ ഉത്തരപേപ്പറുകൾ ആദ്യം പുനർ മൂല്യനിർണയം നടത്താൻ  റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവിറക്കി. സംസ്ഥാന വിവരാവകാശ കമ്മീഷ്ണർ ഡോ.A.അബ്ദുൽ ഹക്കീമിന്റെ ഉത്തരവിനെ തുടർന്നാണ് നടപടി.

✪✪✪